**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1754 14.08.2017-ൽ മറുപടിക്ക്**

**<u>പോലീസ് മേധാവിയുടെ അധികാരങ്ങളിലെ കൈകടത്തൽ ഒഴിവാക്കാൻ നടപടി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ശ്രീ. ടി.പി. സെൻകുമാർ സംസ്ഥാന പോലീസ് മേധാവിയായി 2017 ൽ ചുമതലയേറ്റെടുത്തശേഷം കൈക്കൊണ്ട ഏതെങ്കിലും തീരുമാനം സർക്കാർ മരവിപ്പിക്കുകയോ, റദ്ദാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) പോലീസ് ആസ്ഥാനത്തെ രഹസ്യ വിഭാഗത്തിലെ ജൂനിയർ സൂപ്രണ്ടിനെ സ്ഥലം മാറ്റിയ പോലീസ് മേധാവിയുടെ 09.05.2017 ലെ 165/2017/PHQ, 166/2017/PHQ എന്നീ ഉത്തരവുകൾ സർക്കാർ 20.05.2017 ലെ കത്ത് പ്രകാരം മരവിപ്പിച്ചിട്ടുണ്ട്. കൂടാതെ പോലീസ് ആസ്ഥാനത്തെ ഫയൽ തീർപ്പ് കൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 12.06.2017 ൽ പോലീസ് മേധാവി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ 14.06.2017 ലെ കത്ത് മുഖേന സർക്കാർ മാറ്റിവയ്ക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) സംസ്ഥാന പോലീസ് മേധാവിയുടെ പൂർണ്ണ ചുമതലയിൽ ഉൾപ്പെടുന്ന കാര്യങ്ങളിൽപ്പോലും സർക്കാരിന്റെ ഇടപെടൽ ഉണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഇടപെടൽ ഭാവിയിലെങ്കിലും ഒഴിവാക്കുമോ എന്നറിയിക്കാമോ? | (ബി) സർക്കാരിന് ഭരണപരമായ കാര്യങ്ങളിൽ ഇടപെടാനുള്ള അധികാരമുണ്ട്. |

**സെക്ഷൻ ഓഫീസർ**